## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5702** — **18.11.2019 - ൽ മറുപടിക്ക്.**

### വിവിധ കാർഡുകൾക്ക് ലഭിക്കുന്ന റേഷൻ വിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡി.കെ. മുരളി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള റേഷൻ കാർഡുകളാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ;<br><br>**(ബി)** ഓരോ തരം റേഷൻ കാർഡും എന്തു മാനദണ്ഡം അനുസരിച്ചാണ് നൽകുന്നതെന്ന് അറിയിക്കുമോ;<br><br>**(സി)** ഓരോ വിഭാഗത്തിലും എത്ര കാർഡുടമകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;<br><br>**(ഡി)** സംസ്ഥാനത്ത് ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും ലഭിക്കുന്ന റേഷൻ വിഹിതം ഇനം തിരിച്ച് അറിയിക്കാമോ? | **(എ) യും (ബി) യും (സി) യും (ഡി) യും** കേന്ദ്ര സർക്കാരിന്റെ എ.എ.വൈ. മാനദണ്ഡങ്ങളുടേയും 18.09.2017 ലെ സ.ഉ. (സാധാ)നം.320/17/ഭ.പൊ.വി.വ-യുടെയും അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര (സബ്സിഡി), മുൻഗണനേതര (നോൺ സബ്സിഡി) എന്നിങ്ങനെ ഗുണഭോക്താക്കളെ തരംതിരിച്ച് യഥാക്രമം മഞ്ഞ, പിങ്ക്, നീല, വെള്ള എന്ന 4 തരം കാർഡുകളാണ് വിതരണം ചെയ്തു വരുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു. സംസ്ഥാനത്ത് ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും ലഭിക്കുന്ന റേഷൻ വിഹിതം **അനുബന്ധം - II** ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

| ജില്ല തിരിച്ചുള്ള റേഷൻകാർഡിന്റെ വിവരങ്ങൾ - നവംബർ, 2019 | | | | | | |
|---|---|---|---|---|---|---|
| ക്രമ. നം | ജില്ല | എ.എ.വൈ | മുൻഗണന | മുൻഗണനേതര (നോൺ സബ്സിഡി) | മുൻഗണനേതര (സബ്സിഡി) | ആകെ |
| 1 | ആലപ്പുഴ | 40484 | 236184 | 159987 | 148093 | 584748 |
| 2 | എറണാകുളം | 37378 | 250509 | 269406 | 280507 | 837800 |
| 3 | ഇടുക്കി | 33628 | 123922 | 69548 | 71312 | 298410 |
| 4 | കണ്ണൂർ | 35449 | 164863 | 192504 | 224062 | 616878 |
| 5 | കാസർഗോഡ് | 29749 | 100499 | 76822 | 102272 | 309342 |
| 6 | കൊല്ലം | 48364 | 282843 | 199011 | 208533 | 738751 |
| 7 | കോട്ടയം | 35005 | 163336 | 179303 | 133587 | 511231 |
| 8 | കോഴിക്കോട് | 39259 | 280946 | 202070 | 230833 | 753108 |
| 9 | മലപ്പുറം | 53137 | 372219 | 202645 | 303212 | 931213 |
| 10 | പാലക്കാട് | 48115 | 303299 | 197513 | 191242 | 740169 |
| 11 | പത്തനംതിട്ട | 23771 | 102750 | 115091 | 97995 | 339607 |
| 12 | തിരുവനന്തപുരം | 62421 | 376555 | 278987 | 220092 | 938055 |
| 13 | തൃശ്ശൂർ | 52582 | 280386 | 223048 | 273380 | 829396 |
| 14 | വയനാട് | 48727 | 60570 | 48598 | 57016 | 214911 |
| | **ആകെ** | **588069** | **3098881** | **2414533** | **2542136** | **8643619** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2019 നവംബർ മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| | എ.എ. വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (priority) | മുൻഗണനേതര വിഭാഗം - സബ്സിഡി (NPS) | മുൻഗണനേതര വിഭാഗം നോൺ സബ്സിഡി (NPNS) |
| **അരി** | ഓരോ കാർഡിനും 30 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (കി.ഗ്രാമിന് 2/- രൂപ നിരക്കിൽ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം (കി.ഗ്രാമിന് 4/- രൂപ നിരക്കിൽ) | ഓരോ കാർഡിനും 3 കി.ഗ്രാം (കി.ഗ്രാമിന് 10.90/- രൂപ നിരക്കിൽ) |
| **ഗോതമ്പ്** | ഓരോ കാർഡിനും 5 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം (കി.ഗ്രാമിന് 2/- രൂപ നിരക്കിൽ) | ഇല്ല | ഇല്ല |
| **ആട്ട** | ഇല്ല | ഇല്ല | കാർഡിന് 3 അല്ലെങ്കിൽ 2 കി.ഗ്രാം വീതം (ലഭ്യതയനുസരിച്ച് കി.ഗ്രാമിന് 17/- രൂപ നിരക്കിൽ) | കാർഡിന് 3 അല്ലെങ്കിൽ 2 കി.ഗ്രാം വീതം (ലഭ്യതയനുസരിച്ച് കി.ഗ്രാമിന് 17/- രൂപ നിരക്കിൽ) |
| **പഞ്ചസാര** | ഓരോ കാർഡിനും 1 കി.ഗ്രാം വീതം (കി.ഗ്രാമിന് 21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| **മണ്ണെണ്ണ** | എല്ലാ വൈദ്യുതീകരിച്ച വീടുകൾക്കും 1/2 ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്റർ വീതവും ലിറ്ററിന് 39/- രൂപ നിരക്കിൽ നൽകി വരുന്നു. | | | |

**സെക്ഷൻ ഓഫീസർ**